**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3091** **01-03-2023 - ൽ മറുപടിയ്ക്ക്**

**കേരള റോഡ് ഫണ്ട് ബോർഡ്, മലപ്പുറം/പാലക്കാട് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഡിവിഷൻ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള റോഡ് ഫണ്ട് ബോർഡ്, മലപ്പുറം/പാലക്കാട് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഡിവിഷനിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള എത്ര പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുവെന്ന് വിശദമാക്കാമോ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് - പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, മലപ്പുറം /പാലക്കാട് ഡിവിഷന് കീഴിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച നടപ്പിലാക്കുന്ന 93 പ്രോജക്ടുകളാണുള്ളത്. ഇതിൽ മലപ്പുറം ജില്ലയിൽ 51 പ്രവൃത്തികളും പാലക്കാട് ജില്ലയിൽ 42 പ്രവൃത്തികളുമാണുള്ളത മലപ്പുറം ജില്ലയിലെ 51 പ്രവൃത്തികളിൽ 23 പ്രവൃത്തികൾക്ക് സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി കിഫ്ബി യിൽ ഡി.പി.ആർ സമർപ്പിക്കുകയും അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിലുമാണ്. 13 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും ടെൻഡർ ക്ഷണിക്കുന്ന തിനുമായുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു കൂടാതെ 13പ്രവൃത്തികൾ കരാറുവച്ചു നിർമാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നതും 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>പാലക്കാട് ജില്ലയിലെ 42 പ്രവൃത്തികളിൽ 19 പ്രവൃത്തികൾക്ക് സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി കിഫ്ബി യിൽ ഡി.പി.ആർ സമർപ്പിക്കുകയും അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിലുമാണ്. 9 പ്രവൃത്തികൾക്ക് കിഫ്ബി സാമ്പത്തികാനുമതി ലഭിച്ചിട്ട് സാങ്കേതികാനുമതി നൽകുന്നതിനും ടെൻഡർ ക്ഷണിക്കുന്നതിനുമായുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 13 പ്രവൃത്തികൾ കരാറുവച്ചു നിർമാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നതും ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ഓഫീസിനു കീഴിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ചുള്ള വിവരം | (ബി) | നിലവിൽ ടി കാര്യാലയത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ |

| | | | |
|---|---|---|---|
| | നൽകാമോ; | | ചേർക്കുന്നു.<br>1. എക്സിക്യൂട്ടീവ് എഞ്ചിനീയർ -1 (ഡെപ്യൂട്ടേഷൻ)<br>2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 4<br>(ഡെപ്യൂട്ടേഷൻ)<br>3.അസിസ്റ്റന്റ് എഞ്ചിനീയർ–3 (ഡെപ്യൂട്ടേഷൻ)<br>5 (വർക്കിംഗ് അറേൻജ്മെന്റ് - 1 ഒഴിവ്<br>താത്കാലിക നിയമനം<br>1. പ്രൊജക്റ്റ് എഞ്ചിനീയർ- 10 nos (Engineering graduate)<br>2. സൈറ്റ് സൂപ്പർവൈസർ-22 nos<br>3. ഓഫീസ് അറ്റെൻഡന്റ് -1<br>4. ക്ലാർക്ക് - 1<br>5. ടൈപ്പിസ്റ്റ് -1<br>6 പാർട്ട് ടൈം സ്വീപ്പർ – 1 |
| (സി) | ജോലിഭാരം കാരണം പ്രസ്തുത ഡിവിഷനിലെ പ്രവൃത്തികൾ സമയബന്ധിതവും കാര്യക്ഷമവുമായി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി കൂടുതൽ ജീവനക്കാരെ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.ആർ.എഫ്.ബി-പി.എം.യു ന് കീഴിൽ ജില്ലാതലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി 10 ഡിവിഷനുകൾ രൂപീകരിച്ച് ഒരു ടീം ലീഡർ, 10 എക്സിക്യൂട്ടീവ് എൻജിനീയർമാർ, 30 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ, 30 അസിസ്റ്റന്റ് എൻജിനീയർമാർ ഉൾപ്പെടെ 71 സാങ്കേതിക വിഭാഗം തസ്തികകൾ അനുവദിച്ചിട്ടുള്ളതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന 10 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ 4 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 2 ജില്ലകളുടെ ചുമതല നൽകിയിട്ടുണ്ട്.<br>പാലക്കാട്/ മലപ്പുറം ഡിവിഷന് രണ്ടു ജില്ലയുടെ പ്രവൃത്തികളുടെ ചുമതലയുള്ളതിനാൽ അവർക്കു ആവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. 8 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും അവർക്കു തുല്യമായി കരാർ വ്യവസ്ഥയിൽ 10 പ്രൊജക്റ്റ് എഞ്ചിനീയർമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ 22 സൈറ്റ് സൂപ്പർവൈസർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ മൂന്നു പ്രവൃത്തികൾക്കും പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി സേവനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ